(9) അമ്പലപ്പുഴ മുതൽ ഫോർട്ട് കൊച്ചി വരെയുള്ള തീരദേശ റോഡ് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിക്കേണ്ടത് സംബന്ധിച്ച്

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, ആലപ്പുഴ ജില്ലയുടെ ഏതാണ്ട് തെക്കേയറ്റമായ അമ്പലപ്പുഴയിൽനിന്ന് തുടങ്ങി ജില്ലയുടെ വടക്കേയറ്റമായ പള്ളിത്തോട് കഴിഞ്ഞിട്ട് എറണാകുളം ജില്ലയിലെ ചെല്ലാനത്ത് പ്രവേശിച്ച് ഫോർട്ട് കൊച്ചിയിൽ അവസാനിക്കുന്ന തീരദേശ റോഡാണ്. ആ റോഡ് രണ്ട് ജില്ലകളിലെയും ജില്ലാ മേജർ റോഡുകളിൽ ഉൾപ്പെടുന്നുണ്ട്. നാഷണൽ ഹൈവേ 47-ന് സമാന്തരമായി ഈ റോഡ് ആകെ തകരാറായി കിടക്കുകയാണ്. കെ.സി.വൈ.എം. ഇക്കഴിഞ്ഞ 7-ാം തീയതി സംസ്ഥാന തലത്തിൽ നടന്ന ഉപവാസത്തിൽ ഉന്നയിച്ച പ്രത്യേക ആവശ്യങ്ങളിൽ ഒന്നാണിത്. ഞാൻ ഇതിന് മുമ്പും ഇതേ ആവശ്യം സഭയിൽ ഉന്നയിച്ചിട്ടുണ്ട്. അതുകൊണ്ട് ആ റോഡ് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിച്ച് നടപടി നടത്തിത്തരണമെന്ന് അപേക്ഷിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, എൻ.എച്ച്. 47-ന് സമാന്തരമായി ആലപ്പുഴ മുതൽ ഫോർട്ട് കൊച്ചി വരെയുള്ള തീരദേശ റോഡ് സംസ്ഥാന ഹൈവേയായി പ്രഖ്യാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതിന്റെ ആദ്യഘട്ടം എന്ന നിലയ്ക്ക് പുറക്കാട് മുതൽ ചെല്ലാനം വരെയുള്ള 14.58 കിലോമീറ്റർ ഭാഗം സംസ്ഥാന ഹൈവേയായി ഉയർത്താനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്. അമ്പലപ്പുഴ മുതൽ പുറക്കാട് വരെയും ചെല്ലാനം മുതൽ ഫോർട്ട് കൊച്ചി വരെയുള്ള ഭാഗങ്ങൾകൂടി സംസ്ഥാന ഹൈവേയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ തയാറാക്കി പരിശോധിച്ചുവരുന്നു. ഇക്കാര്യത്തിൽ ഏറ്റവും വേഗം തീരുമാനം എടുക്കുന്നതാണ്.

(10) അനാഥാലയങ്ങളുടെയും മറ്റ് ധർമ്മ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾക്ക് കൂടുതൽ സാമ്പത്തിക സഹായം

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, കേരളത്തിലെ അനാഥാലയങ്ങളുടെയും മറ്റ് ധർമ്മസ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾക്കുവേണ്ട പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുന്നതിലുള്ള അപര്യാപ്തത പരിഹരിക്കുന്നതിന് വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. 24-2-1996-ൽ ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓർഫനേജിലെ കുട്ടികൾക്ക് ഇപ്പോൾ 100 രൂപയാണ് ഗ്രാന്റ് നൽകുന്നത്. 600 രൂപയിലധികം ഇപ്പോൾ വേണ്ടിവരുന്നുണ്ട്. 400 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. അതുപോലെ സാങ്കേതിക തൊഴിൽ രംഗത്ത് പരിശീലനം നൽകുന്നതിന് ആവശ്യമായ സ്കീം ഗവൺമെന്റിന്റെ പരിഗണനയിലാണ്. Scheme for Training, Placement, Rehabilitation of the outgoing inmates of the orphanages. അത് ഈ വർഷം മുതൽ നടപ്പിലാക്കണമെന്ന് അപേക്ഷിക്കുന്നു. കുടുംബവരുമാനം 3600 ഉറുപ്പിക ഉള്ളവരെ മാത്രമേ ഓർഫനേജിൽ പ്രവേശിപ്പിക്കാൻ പാടുള്ളുവെന്ന് 10-8-1964-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇന്ന് ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ളവർക്ക് കുട്ടികളെ പ്രവേശിപ്പിക്കാൻ കഴിയാത്ത സാങ്കേതിക പ്രശ്നമുണ്ട്. അത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഗ്രാന്റ് തുകയിൽനിന്നും ഒരു ശതമാനം ലോക്കൽ ഓഡിറ്റ് ഫീസ് ഈടാക്കണമെന്ന 31-12-1997-ലെ ഉത്തരവ്

LIBRARY ARCHIVES Kerala Legislative Assembly

നിലനിൽക്കുകയാണ്. ഓഡിറ്റ് ഫീസിൽനിന്ന് ഓർഫനേജ് തുടങ്ങിയ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന് അപേക്ഷിക്കുകയാണ്. വർഷാവർഷങ്ങളിൽ ഓർഫനേജ് കുട്ടികൾക്കുവേണ്ടി നടത്തുന്ന കലാകായിക മത്സരങ്ങൾ ജില്ലയ്ക്ക് ഭാരിച്ച ചെലവ് വരുന്നതാണ്. ഈ സംസ്ഥാന ഫെസ്റ്റ് നടത്തുന്നതിന് ഒരു ലക്ഷം രൂപ ഗവൺമെന്റ് സഹായം നൽകുന്നുണ്ട്. ജില്ലയ്ക്ക് ആവശ്യമായ 40,000 രൂപയെങ്കിലും നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. പുതിയതായി ആരംഭിച്ചതും അംഗീകാരം നൽകിയതുമായ ഓർഫനേജുകൾക്കും അഗതിമന്ദിരങ്ങൾക്കും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതിയതായി ഗ്രാന്റ് നൽകിയിട്ടില്ല. ഗ്രാന്റ് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ശ്രീമതി സുശീലാ ഗോപാലന് വേണ്ടി പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ രാധാകൃഷ്ണൻ) : സർ, അനാഥരുടെയും വൃദ്ധജനങ്ങളുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർക്ക്ആവശ്യമായ സഹായം നൽകുന്നതിനും മുന്തിയ പരിഗണനയാണ് ഈ സർക്കാർ നൽകിയിട്ടുള്ളത്. എന്നാൽ സാമ്പത്തിക പരിമിതിമൂലം പലപ്പോഴും ആഗ്രഹിക്കുന്ന തരത്തിൽ മുഴുവൻ കാര്യങ്ങളും ചെയ്യാൻ കഴിയാതെ വരുന്നുണ്ട്. നിലവിലുള്ള സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് അനാഥാലയങ്ങൾക്കും അതുപോലെ അനാഥമന്ദിരങ്ങളിലേയും വൃദ്ധ സദനങ്ങളിലേയും അന്തേവാസികളുടെ പ്രതിമാസ ഗ്രാന്റ് വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. സബ്മിഷനിൽ ഉന്നയിച്ചിരിക്കുന്ന മറ്റു കാര്യങ്ങളും ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. അനാഥാലയങ്ങളിലെ കുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം സാങ്കേതിക തൊഴിൽ പരിശീലന കോഴ്സുകളിൽ തുടർന്ന് പരിശീലനം നേടുന്നതിനാവശ്യമായ സഹായം നൽകുന്നതിനുള്ള പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലാണ്. അനാഥാലയങ്ങളിൽ അന്തേവാസികളെ പ്രോത്സാഹിപ്പിക്കാനുള്ള വാർഷിക കുടുംബ വരുമാന പരിധി ഉയർത്തുന്ന കാര്യവും സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന്റെയും സർക്കാരിന്റെയും അംഗീകാരത്തോടെ പ്രവർത്തിക്കുന്ന അനാഥാലയങ്ങളുടെയും വൃദ്ധസദനങ്ങളുടെയും കണക്കുകൾ പരിശോധിക്കുന്ന കാര്യവും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഈടാക്കുന്ന ആഡിറ്റ് ഫീസ് നിർത്തലാക്കണമെന്ന ആവശ്യവും സർക്കാർ പരിശോധിച്ചു വരികയാണ്. ഓർഫനേജുകളിലെയും ധർമ്മസ്ഥാപനങ്ങളിലെയും അന്തേവാസികൾക്ക് വേണ്ടി നടത്തുന്ന ജില്ലാതല മത്സരങ്ങളിലെ വിജയികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സംസ്ഥാനതല ഓർഫനേജ് ഫെസ്റ്റിനു പ്രതിവർഷം ഒരു ലക്ഷം രൂപ സംസ്ഥാന സർക്കാർ നേരത്തെതന്നെ നൽകിവരുന്നുണ്ട്. ജില്ലാതല മേളകൾ നടത്തുന്നതിനായി ഓരോ ജില്ലയ്ക്കും പതിനായിരം രൂപാവീതം ചെലവഴിക്കുന്നതിനുള്ള അനുമതി 1-3-2000-ത്തിനു സാമൂഹ്യക്ഷേമ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അംഗീകൃത ഓർഫനേജുകളിലെ അന്തേവാസികളുടെ എണ്ണം പുനർനിർണ്ണയം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. അത് പൂർത്തിയായതിനുശേഷം പുതിയതായി അനുവദിച്ച ഓർഫനേജുകൾക്ക് ഗ്രാന്റ് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly